മനുഷ്യമനസ്സിന്റെ അപാരതകളിൽ പിടിതരാതെ പാർപ്പുറപ്പിച്ചിരിക്കുന്ന വൈചാരിക വൈകാരിക വൈഖരികളെയും അവന്റെ സിരാപടലങ്ങളിൽ പടർന്ന് നീററലായി പരിണമിക്കുന്ന സങ്കീർണ്ണതകളെയും ഘനമാർന്ന വാക്കിന്റെ ഊർജ്ജപ്രസരണം കൊണ്ട് കോറിയിട്ട അപൂർവ്വം പ്രതിഭാശാലികളിലൊരാളാണ് സേതു. നിർമ്മിതിയിലെ മൗലികത, ആഖ്യാനത്തിലെ തരളത, എന്നിവ ഉൾച്ചേർന്ന് സേതുവിന്റെ രചനാഭൂപടം ഭ്രമാത്മകതയുടെയും ദുസ്വപ്നങ്ങളുടെയും മിത്തിന്റെയും വർണ്ണാഭ കൊണ്ട് ശബളിമയാർന്നു നിൽക്കുന്നു. സത്യത്തിന്റെയും മിഥ്യയുടെയും അതിരുകളെ പലവിധം മായ്ച്ചുകളയുന്നതും ആഭിചാരത്തോടടുത്ത് നിൽക്കുന്നതുമായ രചനാതന്ത്രവും ഭാഷാസുതാര്യതയും അദ്ദേഹത്തെ തന്റെ സമകാലികരിൽ നിന്ന് വേറിട്ടടയാളപ്പെടുത്തുന്നു..... തീർത്തും വിചിത്രമായ ഒരു പ്രദേശമായി മീനാക്ഷിപ്പാളയം വായനയുടെ മുഹൂർത്തങ്ങളിലേക്ക് നമ്മെ ഭീതിപ്പെടുത്തുന്നു. ഫാക്റ്ററിക്കെട്ടിടങ്ങളും കോമ്പൌണ്ടുമൊക്കെ ആർക്കും പിടി തരാത്ത ഏതോ ഇരുണ്ട ശക്തികളുടെ സ്വാധീനവലയത്തിലെന്ന പോലെ. മരിച്ചവരുടെ ആത്മാക്കളെപ്പറ്റിയുള്ള സാധാരണ കെട്ടുകഥകൾക്കപ്പുറം നമ്മെ കീഴ്പെടുത്തുന്ന എന്തൊക്കെയോ. ഓരോ അവയവത്തിനും തിരിച്ചറിയാവുന്ന ഓരോ തരം സമ്മർദ്ദങ്ങൾ. മീനാക്ഷിപ്പാളയം പേര് കൊണ്ട് സ്ത്രീസ്മൃതി ഉണർത്തുമ്പോഴും ആ പ്രദേശത്തിന്റെ അകംലോകത്ത് തുടിച്ചുണരുന്നത് വന്യമായൊരു പുരുഷപ്രകൃതിയാണ്. എല്ലാം അമർത്തി കീഴ്പ്പെടുത്തുന്ന പ്രാകൃതമായ ആക്രമണോത്സുകത നിറഞ്ഞ പുരുഷപ്രഭാവം. എല്ല് തുളച്ചിറങ്ങുന്ന തണുപ്പും, ചാറ്റൽമഴയും, ഈ പ്രാകൃതഭാവത്തിന് ഇമ്പമണയ്ക്കുന്ന വരണ്ട ഈണങ്ങളാണ്.....സേതു തന്റെ നോവലുകളിൽ വരഞ്ഞിടാറുള്ള വൈചിത്ര്യമാർന്ന സ്ഥലങ്ങളെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആ സ്ഥല നിർമ്മിതികളിൽ നിന്നെല്ലാം തീർത്തും വ്യത്യസ്തമാണ് മീനാക്ഷിപ്പാളയം. നമ്മുടെ കാലഘട്ടത്തിലെ തീവ്രമായ ആൺകോയ്മ പോലെ സ്ഫോടനാത്മകമായ ഒന്നിനെ അന്തർവഹിച്ചു നിൽക്കുകയാണ് മീനാക്ഷിപ്പാളയം. ഭാരതീയമായ ഭൂമിദേവിസങ്കല്പങ്ങളെ അട്ടിമറിച്ചു കൊണ്ട് പുത്തൻ അധിനിവേശങ്ങളുടെ ശൂരതയെ അപകടകരമാക്കുന്ന ഒന്നായി വ്യാഖ്യാനിക്കുന്ന പ്രവചനം കൂടിയാണ് മീനാക്ഷിപ്പാളയം.

*(പി.എം.ഷുക്കൂർ - അടയാളങ്ങൾ - വാക്കും പൊരുളും- ഭാഷാപോഷിണി-പുസ്തകത്തിന്റെ അവതാരിക )*

ആധുനികതാ പ്രസ്ഥാനത്തിൽ പെട്ട രചനകൾ അധികവും നാഗരികതാനുഭവത്തിന്റെ പ്രകാരഭേദങ്ങളെ ആവിഷ്കരിക്കുന്നവയായിരുന്നു. അത്തരം അനുഭവങ്ങൾ വ്യക്തിചേതനയിൽ ഉണ്ടാക്കുന്ന വിഹ്വലതകളായിരുന്നു പല കൃതികളുടെയും ഉള്ളടക്കം. എന്നാൽ സേതു ആധുനികതാ പ്രസ്ഥാനത്തിന്റെ കാഴ്ചപ്പാടുകളായ സ്വത്വനഷ്ടം, അസ്തിത്വഭീതി, മരണാഭിമുഖ്യം തുടങ്ങിയ ഘടകങ്ങളെ കേരളീയ ഗ്രാമജീവിതവുമായി വിലയിപ്പിച്ച് അവതരിപ്പിച്ചു. പരമ്പരാഗതമായ വിശ്വാസങ്ങളുടെയും പേടിസ്വപ്നങ്ങളുടെയും ആന്തരികധാരകൾ ആ കഥകൾക്ക് വ്യതിരിക്തത പകർന്നു.....'അടയാളങ്ങൾ' പ്രിയംവദയുടെ കഥയാണ്. കോർപ്പറേറ്റ് സമകാലികഭാരതത്തിലെ വിദ്യാസമ്പന്നയായ നാഗരികസ്ത്രീയാണവൾ. ലോകത്തിന്റെ ഉന്നതങ്ങളിൽ വിഹരിക്കുന്ന സമർഥയായ ഒരു പ്രൊഫഷണലാണ് പ്രിയംവദ. ശിഥിലദാമ്പത്യം, യൗവനത്തിലേക്ക് കടക്കുന്ന മകളുടെ സ്വാതന്ത്ര്യശീലം, തുടങ്ങിയ വ്യക്തിപരമായ പ്രശ്നങ്ങൾ പ്രിയംവദയെ സങ്കീർണവും സംഘർഷഭരിതവുമായ മാനസികാവസ്ഥയിലേക്ക് നയിക്കുന്നു. അതോടൊപ്പം തകർച്ചയിലേക്ക്

നീങ്ങുന്ന ഒരു വ്യവസായസ്ഥാപനത്തെ അവിടത്തെ തൊഴിലാളികളോട് അനുഭാവം പുലർത്തിക്കൊണ്ടു തന്നെ ശക്തമായ തീരുമാനങ്ങളെടുത്ത് രക്ഷിക്കേണ്ട ചുമതലയും പ്രിയംവദയ്ക്കാണ്. ആഗോളവൽക്കരണത്തിന്റെ സന്ദർഭത്തിൽ പരമ്പരാഗതരീതികൾ പിന്തുടരുന്ന ഒരു സ്വദേശി വ്യവസായസ്ഥാപനം നേരിടുന്ന പ്രതിസന്ധികളെയാണ് പ്രിയംവദയ്ക്ക് പരിഹരിക്കേണ്ടിവരുന്നത്. ആന്തരികവും, ബാഹ്യവുമായ പ്രശ്നങ്ങളിൽപ്പെട്ട് കറങ്ങുന്ന പ്രിയംവദയുടെ മനോഭാവങ്ങളും ജീവിതാവസ്ഥകളുമാണ് നോവലിൽ ആവിഷ്കരിക്കപ്പെടുന്നത്. വ്യക്തിജീവിതത്തിന്റെ ഇരുണ്ട ആകുലതകളോടൊപ്പം തൊഴിൽരംഗത്ത് അവൾ ധീരമായി കൈകാര്യം ചെയ്യുന്ന ഭൗതികയാഥാർത്ഥ്യങ്ങൾ കൂടി അവതരിപ്പിക്കുന്നതു വഴിയാണ് 'അടയാളങ്ങൾ' സാമൂഹിക പ്രസക്തി നേടുന്നത്.

*(ഡോ. കെ.എസ്.രവികുമാർ- ആഗോളവൽക്കരണത്തിന്റെ പേടിസ്വപ്നങ്ങൾ - കേരളകൗമുദി)*

സേതുവിന്റെ സാഹിത്യത്തിൽ ഭ്രമാത്മകതയ്ക്ക് എപ്പോഴും സ്ഥാനമുണ്ട്. പുതിയ നോവലായ അടയാളങ്ങളുടെ കാര്യവും വ്യത്യസ്തമല്ല. കഥാപാത്രങ്ങൾ പലപ്പോഴും യാഥാർത്ഥ്യത്തിന്റെ മറുപുറത്തേയ്ക്കു യാത്ര ചെയ്യുന്നു. ഏറ്റവും ചുരുക്കിപ്പറഞ്ഞാൽ ഒരമ്മയും മകളും തമ്മിലുള്ള ബന്ധമാണ് ഈ നോവലിന്റെ കാതൽ. എന്നാൽ സേതുവിന്റെ ആഖ്യാനതന്ത്രം അനുവാചകനെ കൂടെക്കൂടെ ഭ്രമദർശനങ്ങളിലേയ്ക്കു കൂട്ടിക്കൊണ്ടു പോകുന്നു.

*(പി. പ്രകാശ് - കാലത്തിന്റെ ഭ്രമദർശനങ്ങൾ - മലയാളം - ജനുവരി 2006)*

ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ സാമൂഹികതയുടെ അന്തസ്പന്ദനം പകർന്നു തരുന്നുണ്ട് 'അടയാളങ്ങൾ'. വിവാഹമോചനങ്ങളുടെയും വിവാഹം ഒഴിവാക്കലിന്റെയും ജീവിതസാധ്യതകൾ വിജയകരമെന്ന് പല സ്ത്രീജീവിതങ്ങളും തെളിയിച്ചു കൊണ്ടിരിക്കുന്ന ഒരു കാലമാണല്ലോ ഇത്. അത്തരം അവസ്ഥകൾക്കുള്ളിലെ അഭിമുഖീകരിക്കപ്പെടാത്ത അനുഭവങ്ങളുടെ അടയാളപ്പെടുത്തലുകളാണ് സേതു ഇതിൽ നിർവ്വഹിക്കുന്നത്. മുഖ്യമായും സ്ത്രീകഥാപാത്രങ്ങളെയും സ്ത്രീയനുഭവങ്ങളെയും മാത്രം അവലംബിച്ച്. അതുകൊണ്ടു തന്നെ ഇതൊരു സ്ത്രീപക്ഷരചന എന്ന വിശേഷണത്തിന് അർഹമാണ്. നടപ്പുസമ്പ്രദായത്തിലുള്ള ഫെമിനിസ്റ്റു വാർപ്പുമാതൃക മാത്രമല്ലല്ലോ സ്ത്രീപക്ഷരചനകളുടേത്. സ്വയംകൃതാനർത്ഥങ്ങളുടെ ഫലമായി പുരുഷനെ പഴിക്കുന്ന എഴുത്തുകാരികളുടെ രീതിയാണ് നമുക്ക് പരിചിതമായ ഫെമിനിസത്തിൽ ഏറിയ പങ്കും. പുരുഷവിദ്വേഷം അവരുടെ സ്വഭാവമാണ്, അസഹിഷ്ണുത സ്വരൂപവും......സ്ത്രീത്വം ഒരു ആരാധ്യസാന്നിധ്യമായിത്തീരുന്ന അവസ്ഥ വന്നു ഭവിക്കുന്നവയാണ് സേതുവിന്റെ പല രചനകളും. വിശേഷിച്ച് നോവലുകൾ. സ്ത്രീശക്തിയുടെ അപാരസാധ്യതകൾ സംബന്ധിച്ച എഴുത്തുകാരന്റെ ബോധ്യവും ബഹുമാനവും നിമിത്തമുളവാക്കുന്ന സവിശേഷതയാണിത്. അതിനാൽ നിഗ്രഹോൽസുകമോ ഉൻമൂലനവ്യഗ്രമോ ആയ സ്ത്രീവാദകോലാഹലങ്ങൾ അവ ഉയർത്തുകയില്ല. ദേവീതലം തൊട്ട് മാതൃത്വം വരെയുള്ള സ്ത്രീചേതനയുടെ വൈവിധ്യമാർന്ന പ്രസരിപ്പാണ് അവ ആവിഷ്കരിക്കുന്നത്.

*(എ.എം.ഉണ്ണിക്കൃഷ്ണൻ-ആധുനികജീവിതത്തിന്റെ അടയാളങ്ങൾ -ഗ്രന്ഥാലോകം -മാർച്ച് '09)*

Male writers' accounts of mother-daughter ties most often proved to be blurred pictures of reality as they only sought to perpetuate the myths of the Good Mother, the Perfect Mother and the Bad Mother. The patriarchal Good Mothers were those who doled out to their daughters lessons in passivity and self-sacrifice and taught them to be excellent wives and mothers who would never question the values and attitudes of their men. the Perfect Mother myth made all mothers appear imperfect and the Bad Mother myth repeated focused on the inadequacies of the real mother. These myths, instead of fostering understanding and love, only helped to perpetuate estrangement between the mother-daughter pair.

It is interesting to note that in *Adayalangal,* a brilliantly crafted novel by noted Malayalam writer Sethu, the novelist takes care to erase such distorted pictures while portraying the complexities involved in the bond between mothers and daughters. The novel, which revolves round Priyamvada and her only daughter Neethu, stands out as a profoundly compelling representation of mother-daughter ties in contemporary society.

***(Dr. K.Sujatha - Dimensions of Mother- Daughter Bond in Sethu's Adayalangal - Malayalam Literary Survey - Kerala Sahitya Akademi - Jan-Mar 2010)***

വലിയ ക്യാൻവാസും യഥാതഥചിത്രണവും സേതുവിന്റെ creative self-ന് വഴങ്ങുന്നതല്ല എന്ന് 'അടയാളങ്ങൾ' വ്യക്തമാക്കുന്നു. ഒരു നോവൽ എന്ന നിലയ്ക്ക് അത് നമ്മെ ബോറടിപ്പിച്ചു തുടങ്ങും. ജീവിതത്തെ ആഴത്തിൽ അടയാളപ്പെടുത്തുമ്പോഴേ ജീവിതവർണ്ണനത്തിന്റെ വിശദാംശങ്ങളും നിത്യജീവിതാവിഷ്കാരവും എല്ലാം പ്രസക്തമാകൂ. അങ്ങനെയല്ലെങ്കിൽ അവ വായനക്കാരെ ബോറടിപ്പിച്ച് പുസ്തകം അടച്ചുവെക്കാൻ മാത്രമേ പ്രേരിപ്പിക്കൂ....ഇന്നത്തെ സങ്കീർണ്ണമായ, ആധുനികലോകം കൂടുതൽ സങ്കീർണ്ണമാകുകയും, മുറിവേല്പിക്കുകയും ചെയ്ത സ്ത്രീമനസ്സിനെ ആവിഷ്കരിക്കാനുള്ള സേതുവിന്റെ ശ്രമം 'അടയാളങ്ങൾ' എന്ന നോവലിൽ വിജയിക്കാത്തത് അതു വെറും സാമൂഹ്യമായ ഒരു പരിസ്ഥിതിവർണ്ണനയായി ചുരുങ്ങിയതു കൊണ്ടു മാത്രമാണ്. കഥാപാത്രങ്ങളുണ്ട്... കഥകളുണ്ട്...സേതു പറയുംപോലെ ചില ഗ്രാമങ്ങളുടെ യാഥാർത്ഥ്യമാണ്...നാഗരികതയുടെ മൂല്യങ്ങൾ ഗ്രാമത്തിന്റെ മൂല്യങ്ങളേയും പരിസ്ഥിതിയേയും തകർക്കുന്ന ചിത്രമുണ്ട്. പക്ഷേ, പ്രധാനകഥ പരാജയപ്പെടുകയാണ്.... എഴുത്തുകാർ, സ്വന്തം ചരിത്രം/സർഗാത്മകത, അതേപടി ആവർത്തിക്കണ്ട...പക്ഷേ, സ്വന്തം തച്ച് എങ്ങനെയാണെന്നു സ്വയം തിരിച്ചറിയണം. കുറെക്കൂടി പ്രഭയുള്ള ലോകങ്ങൾ, ഇരുട്ടിലെ വെളിച്ചങ്ങൾ, കുഴിച്ചെടുക്കുന്ന സർഗ്ഗക്രിയ സേതുവിൽ നിന്നു മലയാളി വായനക്കാർ ഇനിയും പ്രതീക്ഷിക്കുന്നു.

*(വി.എം.ഗിരിജ - പാണ്ഡവപുരം, അടയാളങ്ങൾ - ഒരു വിചിന്തനം - സേതു - എഴുത്തും വായനയും - മാർച്ച് 2011)*

ഒരു സ്വപ്നത്തിൽ തുടങ്ങി മറ്റൊരു സ്വപ്നത്തിലാണ് സേതുവിന്റെ 'അടയാളങ്ങൾ' അവസാനിക്കുന്നത്. സ്വപ്നത്തിൽ തുടങ്ങി സ്വപ്നത്തിന്റെ തന്നെ സിന്ധുവിലേക്ക് തിരിച്ചു വരിക. എപ്പോഴാണ് അതിനിടയിൽ മനുഷ്യൻ ജീവിതത്തെക്കുറിച്ചു തീവ്രമായി ആകുലപ്പെടുക ? ഉറക്കത്തിന്റെ നീണ്ട അഗാധതകളിൽ പെട്ടെന്നു സംഭവിക്കുന്ന വെളിച്ചപ്പടരലോ മങ്ങലോ ഒക്കെയായി സ്വപ്നം

തെളിയുമ്പോൾ അത്ഭുതം കൂറിനില്ക്കുന്ന മനുഷ്യന്റെ ബോധത്തിലേക്ക് കാലം എന്ന സങ്കല്പം തള്ളിക്കയറുന്നു. ആഴത്തിലുള്ള വിഷാദത്തിൽ നിന്നു ഉയരം കൂടിയ ആനന്ദത്തിലേക്കെത്തുന്നു. ഇവിടെ മനസ്സാണ് കാലമാകുക. മറ്റു ചിലപ്പോൾ നീണ്ടു നില്ക്കുന്ന ആഹ്ലാദത്തിൽ നിന്ന് മഞ്ഞുമലകളിലൂടെ ഊർന്നു വീഴും പോലെ വിഷാദത്തിലേക്ക് മുഖം കുത്തി വീഴുന്നു. നാം ഉണരുന്നു. സ്വപ്നം നമ്മെ ഉണർത്തുന്നു. അബോധത്തിൽ നിന്ന് ബോധത്തിലേക്കോ ? ബോധത്തിൽ നിന്ന് അബോധത്തിലേക്കോ ? ഇത്തരമൊരു കാഴ്ചയിലാണ് 'അടയാളങ്ങൾ' ആരംഭിക്കുന്നതു തന്നെ.....

*(രോഷ്നി സ്വപ്ന - സ്വപ്നങ്ങളുടെ വൻകരകൾ - സേതു - എഴുത്തും വായനയും - മാർച്ച് 2011)*

സേതുവിന്റെ മറ്റനേകം സ്ത്രീകഥാപാത്രങ്ങളെപ്പോലെ പുതിയ ഇടവും ചങ്കൂറ്റവും പ്രാഗല്ഭ്യവും ഏറെയുള്ളവളാണ് 'അടയാളങ്ങളിലെ' പ്രിയംവദയും. എന്നു തന്നെയല്ല, മറ്റു നോവലുകളിൽ നിന്നു വ്യത്യസ്തമായി പ്രധാന കഥാപാത്രങ്ങൾ രണ്ടും സ്ത്രീകൾ തന്നെയാണിതിൽ. പ്രിയംവദയും മകൾ നീതുവും. രേവതി എന്ന കഥാപാത്രത്തിനും ഏറെ മിഴിവും പ്രാധാന്യവും കഥാകൃത്ത് നല്കിയിട്ടുണ്ട്. പുരുഷകഥാപാത്രങ്ങൾക്ക് ഏറെയും അണിയറയിലും ഓർമ്മകളിലും ഒതുങ്ങുന്ന പങ്കാളിത്തമേ നല്കിയിട്ടുള്ളൂ താനും. അതോടൊപ്പം പരിഗണിക്കേണ്ട പ്രധാന സംഗതി പ്രിയംവദ യുടെ വൈയക്തികജീവിതത്തിനു നൽകിയ അതേ പ്രാധാന്യം അവരുടെ ഔദ്യോഗിക ജീവിത ത്തിനും നല്കിയിട്ടുണ്ട് എന്നതാണ്. പുരുഷനോവലിസ്റ്റുകളുടെ നോവലുകളിൽ വളരെ അപൂർവ്വ മായേ ഇത്തരം സമീപനം കാണാറുള്ളൂ......എന്നാൽ 'അടയാളങ്ങൾ' സ്ത്രീകഥാപാത്രങ്ങൾക്ക് സ്വകാര്യയിടത്തോളം പൊതുയിടവും കല്പിച്ചു കൊടുത്തിട്ടുണ്ട്. അതും തുല്യ പ്രാധാന്യത്തോടു കൂടിത്തന്നെ. കാരണം, സേതുവിന് പ്രിയംവദയുടെ സൃഷ്ടിയിൽ രണ്ടു പ്രധാനലക്ഷ്യങ്ങൾ ഉണ്ടെന്നു കാണാം. അതുലൊന്നു സ്ത്രീവിമോചനം സിദ്ധാന്തവും പ്രയോഗവുമായി കേരളീയ സാംസ്കാരികയിടങ്ങളിൽ പ്രസക്തിയാർജ്ജിക്കുന്ന കാലത്ത് ഉജ്ജ്വലമായൊരു പോരാട്ടക്കാരിയെ അവതരിപ്പിക്കുക എന്നതാണ്. മറ്റൊന്നു ആഗോളവത്ക്കരണ പരിതസ്ഥിതികളിൽ തേഞ്ഞു മാഞ്ഞു കൊണ്ടിരിക്കുന്ന തൊഴിലാളി-മുതലാളി വ്യവസ്ഥകൾക്ക് നവീനവും മെച്ചപ്പെട്ടതെന്നു കരുതാവുന്നതുമായ പരിഷ്കൃതവുമായൊരു മുഖം നല്കുക എന്നതാണ്. ഈ രണ്ടു ലക്ഷ്യ ങ്ങൾക്കും നോവലിന്റെ കഥാപാത്രഘടനയിലും ഇതിവൃത്തഘടനയിലും സ്ഥാനം നല്കിയിട്ടുണ്ട്. പ്രിയംവദയുടെ സ്ഥൈര്യത്തിനും താൻപോരിമയ്ക്കും നൽകിയ പ്രാധാന്യം തന്നെ ഒരു തെളിവ്.

*(സുമി ജോയി - മാതൃത്വത്തിലേക്ക് പിൻവാങ്ങുന്ന സ്ത്രീകൾ - സേതു - എഴുത്തും വായനയും - മാർച്ച് 2011)*

....ഈ ദൃശ്യലോകത്തിലെ സ്ത്രീകൾ ദു:ഖിതരും ഏകാകിനികളുമാണ്. അവർ തങ്ങൾക്കായി വിധി വിദഗ്ദ്ധമായി ഒരുക്കിവച്ചിരിക്കുന്ന കെണികളിൽ അകപ്പെട്ടു കിടക്കുന്നവരാണ്. ഓരോ പിട ച്ചിലും കൂടുതൽ തീക്ഷ്ണമായ വേദനകളിലേക്ക് അവരെ എടുത്തെറിയുന്നു. എന്നാൽ ഇതിന് എതിർനില്ക്കുന്ന ഒരു അതിജീവന വ്യവസ്ഥയാണ് അദൃശ്യലോകമായി ചുരുൾ നിവരുന്നത്. 'പാണ്ഡവപുര'ത്തിന്റെ നിഗൂഢമായ തുടർച്ചയെന്നോണം അത് എല്ലാ നോവലുകളിലും വ്യാപി ച്ചിരിക്കുന്നു. 'നിയോഗ'ത്തിൽ മലങ്കാറ്റിന്റെ കുളമ്പടികൾക്കായി കാത്തുകിടക്കുന്ന സ്ത്രീ ഈ

അദൃശ്യലോകത്തിലെ മന്ത്രവാദിനിയാണ്. അപ്രാപ്യമായ വിസ്തൃതികളിൽ വലക്കണ്ണികൾ മുറുക്കി ഗുഹാസമാനമായ തന്റെ ഒളിവിടത്തിൽ കാത്തിരിക്കുന്നവൾ. അവളിൽ പലരുമുണ്ട്. അദൃശ്യമായ ചരടുകൾ കൊണ്ടു ആഗ്രഹിക്കുന്നതിനെയൊക്കെ വലിച്ചടുപ്പിക്കുന്നവർ. ചിലന്തിയെപ്പോലെ വല നെയ്യുകയും അതിൽ ഒതുങ്ങുകയും ചെയ്യുന്നവർ. 'അടയാളങ്ങളിൽ' അക്ഷരാർത്ഥത്തിൽ ഈ വില യാഥാർത്ഥ്യവത്ക്കരിക്കപ്പെടുന്നുണ്ട്. ഇന്റർനെറ്റ് ഈ വലയുടെ ഒരു നേർബിംബമാണ്. വലയുടെ രണ്ടറ്റങ്ങളുടെ അജ്ഞേയതയിലിരുന്ന് ഇ-മെയിലുകളിലൂടെ പ്രൊഫസറെ ആവാഹിച്ചടുപ്പിക്കുന്ന സുന്ദരിയും മധ്യവയസ്കയുമായ പ്രിയംവദ പാണ്ഡവപുരത്തിലെ നായികയുടെ പ്രതിരൂപം തന്നെ. അവർ ഒരു എച്ച്. ആർ. വിദഗ്ദ്ധയാണെന്നതും ശ്രദ്ധേയമാണ്. മാനവശേഷിയെ ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാം എന്നു കണ്ടെത്തുകയും അതു പ്രാവർത്തികമാക്കുകയുമാണ് അവരുടെ ജോലി....

*(സ്വപ്ന ശ്രീനിവാസൻ - പടർന്നു കിടക്കുന്ന ഒരു ദേശം - സേതു - എഴുത്തും വായനയും - മാർച്ച് 2011)*